**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 145** **04-10-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സുരക്ഷയും ശാക്തീകരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ കെ യു ജനീഷ് കുമാർ** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പ്രണയനിരാസത്തെ തുടർന്ന് നടക്കുന്ന കൊലപാതകങ്ങളും കൊലപാതകത്തിലേക്കോ ആത്മഹത്യയിലേക്കോ നയിക്കുന്ന സ്ത്രീധന പീഡനങ്ങളും തുറന്നുകാട്ടുന്ന ലിംഗ അസമത്വം അവസാനിപ്പിക്കുന്നതിനായി വനിത ശിശുവികസന വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | പ്രണയനിരാശയെ തുടർന്ന് നടക്കുന്ന കൊലപാതകങ്ങളും, കൊലപതകത്തിലേക്കോ ആത്മഹത്യയിലേക്കോ നയിക്കുന്ന സ്ത്രീധന പീഡനങ്ങളും തുറന്നുകാട്ടുന്ന ലിംഗ അസമത്വം അവസാനിപ്പിക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പ് നടത്തുന്ന പരിപാടികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | സ്ത്രീകളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും സാമ്പത്തിക ഭദ്രതയ്ക്കും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ; | (ബി) | സ്ത്രീകളുടെ സുരക്ഷയ്ക്കും സാമ്പത്തിക ഭദ്രതയ്ക്കും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | സ്ത്രീധന നിരോധന നിയമം ഫലപ്രദമായി പ്രാവർത്തികമാക്കാൻ കഴിയാതെ പോകാനിടവരുന്ന സാമൂഹ്യ സ്ഥിതിയും ചില വിഭാഗങ്ങൾക്കിടയിൽ കുടുംബസ്വത്തിൽ സ്ത്രീകൾക്ക് അധികാരമില്ലാതെയോ അല്ലെങ്കിൽ തുല്യാവകാശമില്ലാതെയൊ പോകുന്ന രീതിയും സ്ത്രീധന സമ്പ്രദായത്തിന്റെ പ്രോത്സാഹനത്തിനിടനല്കുമെന്നതിനാൽ ഇവയ്ക്കു പരിഹാരം കാണാൻ പ്രചരണ പരിപാടികൾ നടത്തുകയും നിയമസഹായം നൽകുകയും ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ; | (സി) | സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടത്തുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | സ്ത്രീ സുരക്ഷയ്ക്കും ശാക്തീകരണത്തിനും ഉതകുന്ന മിത്ര 181 വേണ്ടത്ര ഫലപ്രദമാക്കാനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുമോ? | (ഡി) | സ്ത്രീകൾക്ക് നേരെ ഉണ്ടാകുന്ന ഗാർഹിക പീഡനം, മറ്റ് അതിക്രമങ്ങൾ എന്നിവ ഉണ്ടായാൽ 181 മിത്ര ഹെൽപ് ലൈനിൽ വിളിച്ച പരാതിപ്പെടാവുന്നതാണ് . അവശ്യമെങ്കിൽ കൗൺസിലിംഗ് സഹായം ലഭ്യമാക്കുന്നതാണ്. 181 മിത്ര ഹെൽപ് ലൈൻ പദ്ധതിയെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അറിവ് ലഭ്യമാക്കുന്നതിലേയ്ക്കായി മാധ്യമങ്ങൾ വഴി പ്രചരണം നൽകിയിട്ടുണ്ട്. കേരളത്തിലെ |

| | | | |
|---|---|---|---|
| | | | വനിതകൾക്ക് 181 എന്ന ടോൾ ഫ്രീ നമ്പരിലൂടെ ഗാർഹിക പീഡനം, മാനസിക ശാരീരിക വൈകാരിക പ്രശ്നങ്ങൾ, തർക്കങ്ങൾ, സുരക്ഷാഭീതി തുടങ്ങി പിന്തുണ ആവശ്യമുള്ള ഏതു തരം സേവനങ്ങൾക്കും സഹായം ഉറപ്പാക്കി വരുന്നു. പ്രശ്നങ്ങൾക്ക് എത്രയും വേഗം പരിഹാരം കണ്ടെത്താൻ സഹായിക്കുന്നതിന് വേണ്ടി 24 മണിക്കൂറും പ്രവർത്തന സജ്ജമായ പദ്ധതിയാണ് മിത്ര 181 വിമൻ ഹെൽപ്പ് ലൈൻ. പ്രസ്തുത സംവിധാനത്തിലൂടെ നാളിതുവരെ 2 ലക്ഷത്തിലധികം കോളുകൾക്ക് സേവനം നൽകാൻ സാധിച്ചിട്ടുണ്ട്. 181 പദ്ധതിയുടെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായും നിലവിൽ ഉപയോഗിച്ചു വരുന്ന സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്യുകയും ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്ന ജോലികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 3**

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരളാ സത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തുകയും, കേരളാ സത്രീധന നിരോധന (ഭേദഗതി) ചട്ടങ്ങൾ നിലവിൽ വരുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി ചട്ടങ്ങൾ പ്രകാരം വനിതാ ശിശു വികസന ഡയറക്ടറെ ചീഫ് ഡവറി പ്രൊഹിബിഷൻ ഓഫീസറായും, 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. സ്ത്രീധനവുമായി ബന്ധപെട്ട പരാതികൾ ജില്ല സ്ത്രീ ധന നിരോധന ഓഫീസർമാർക്ക് നൽകാവുന്നതും, നിയമ സഹായം തേടാവുന്നതുമാണ്. ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമ സഹായവും നൽകുന്നതിനായി ജില്ലാ അഡ്വൈസറി ബോർഡ് രൂപീകരിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾ/ സംഘടനകളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സർക്കാർ ഉദ്യോഗസ്ഥതലത്തിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി വിവാഹിതരാകുന്ന സർക്കാർ ജീവനക്കാർ സ്ത്രീധനം ആവശ്യപ്പെടുകയോ, വാങ്ങുകയോ, നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് നൽകുന്നതിലേയ്ക്കായി declaration form ഉൾപ്പെടെ എല്ലാ വകുപ്പ് മേധാവികൾക്കും WEC 1/9752/21 dt.16/07/2021 എന്ന സർക്കുലർ പ്രകാരം ചീഫ് ഡവറി പ്രൊഹിബിഷൻ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. സത്യവാങ്മൂലം സമർപ്പിക്കാത്ത വകുപ്പുകളുടെ വിവരം റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ ലിംഗ അസമത്വം, സ്ത്രീധന ഗാർഹിക പീഡനം ഇവയ്ക്കെതിരെ വിവിധ ദൃശ്യ ശ്രവ്യ മാദ്ധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും വ്യാപക പ്രചരണം നടത്തി വരുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ സ്ത്രീസുരക്ഷാ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും, ചെറു വീഡിയോകളും, സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചു വരുന്നു.

ലിംഗസമത്വം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പെഴ്സൺ മുഖാന്തിരം NCC, NSS,

Sd/-
Section Officer

കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness Campaign സംഘടിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പൊതു സ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കുന്നതിനും, സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുവാൻ വിവാഹ മണ്ഡപങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വനിതാ ശിശു വികസന വകുപ്പ് മുഖേന ലഭ്യമാക്കി, ആയത് ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും അതിവേഗം പുരോഗമിക്കുന്നു.

സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക്, ലിംഗ അസമത്വം, ഗാർഹിക പീഢനങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവയ്ക്കുതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി, സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജന്റർ റിസോഴ്സ് പെഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗും, പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഢനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് ലഭ്യമാക്കിയിട്ടുണ്ട്. ടി വിഷയങ്ങളെക്കുറിച്ചുള്ള അവബോധം പൊതു ജനങ്ങളിൽ വ്യാപകമായി സൃഷ്ടിക്കുവാനായി പീഢനങ്ങൾ, ഗാർഹികാതിക്രമങ്ങൾ, സ്ത്രീധനപീഢനങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ നേരിടുന്ന സ്ത്രീകളോ/കുട്ടികളോ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അതിക്രമങ്ങൾക്കെതിരെയുള്ള നിയമ പരിരക്ഷ, സേവനങ്ങൾ ആയത് നേടിയെടുക്കേണ്ട വിധം എന്നിവയെപ്പറ്റി അവരെ ബോധവൽക്കരിക്കുവാനും, വേണ്ട സഹായം ലഭ്യമാക്കുവാനും നിർദ്ദേശം നൽകി. ആയതിനായി സൂപ്പർവൈസർമാർ അതത് പഞ്ചായത്ത് /സെക്ടർ തലത്തിൽ എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ, അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് ആവശ്യമുള്ള നിയമ സഹായവും, പരിരക്ഷയും ലഭ്യമാക്കേണ്ടതാണെന്നും, അവർക്ക് സൗജന്യ നിയമസഹായം, കൗൺസിലിംഗ്, വൈദ്യ സഹായം, പോലീസ് സഹായം എന്നിവ വേണ്ടതുണ്ടെങ്കിൽ, ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ അങ്കണവാടി വർക്കർമാർക്കും പരിശീലനം നൽകിയിരിക്കുന്നതിനാൽ

Section Officer

ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകളുള്ള സ്ത്രീകളുടെ വിവരങ്ങൾ അറിയുന്ന പക്ഷം പ്രാഥമിക സേവനം അങ്കണവാടി വർക്കർ വഴിയും ആവശ്യമെങ്കിൽ സൂപ്പർവൈസർക്ക് റിപ്പോർട്ട് ചെയ്യുന്ന രീതിയിലും സംവിധാനം ഒരുക്കിയിട്ടുണ്ട്. 'പറയാം, പരിഹരിയ്ക്കാം' എന്ന കൈപ്പുസ്തകം ഇതിലേയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്.

സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ഓൺ ലൈൻ പദ്ധതിയായ കാതോർത്ത് വിജയകരമായി നടപ്പിലാക്കി വരുന്നു. kathorthu.wcd.kerala.gov.in എന്ന വെബ് മുഖേന സ്ത്രീകളുടെ പരാതി കേൾക്കുന്നതിനും പരിഹാരം,കൗൺസിലിങ്, നിയമോപദേശം, പോലീസ് സഹായം എന്നിവ ലഭ്യമാക്കുന്നതിനും സംവിധാനം ഒരുക്കിയിരിക്കുന്നു. സ്ത്രീകൾക്ക് സ്വന്തം വീട്ടിൽ ഇരുന്നു കൊണ്ട് പ്രശ്ന പരിഹാരം തേടാം എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

Section Officer

**അനുബന്ധം -2**

സ്ത്രീകളുടെ സംരക്ഷണ സുരക്ഷയും സാമ്പത്തിക ഭദ്രതയും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു

1. **വനിതാ സംരക്ഷണ ഓഫീസ്**

ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005 പ്രകാരം കേരളത്തിലെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർ സേവനമനുഷ്ഠിക്കുന്നു. കൂടാതെ ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകളും 11 ഷെൽട്ടർ ഹോമുകളും പ്രവർത്തിച്ച് വരുന്നു. നടപ്പ് വർഷം 20 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ/ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. എല്ലാ ബ്ലോക്കുകളിലും SPC ആരംഭിക്കുന്നതിനായി നടപടി സ്വീകരിച്ച് വരുന്നു.

2. **നിർഭയ**

ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പ്രതിരോധം, സംരക്ഷണം, നിയമ നടത്തിപ്പ് പുനരധിവാസം എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള നിർഭയ പോളിസികൾ നടപ്പിലാക്കുന്നു. 18 ഷെൽട്ടർ ഹോമുകളും പോക്സോ അതിജീവിതകൾക്കായി നടത്തുന്നുണ്ട്.

3. **കാതോർത്ത്**

സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ഓൺ ലൈൻ കൺസൾട്ടൻസി കാതോർത്ത് എന്ന പേരിൽ വിജയകരമായി നടപ്പിലാക്കി വരുന്നു. kathorthu.wcd.kerala.gov.in എന്ന വെബ് മുഖേന സ്ത്രീകളുടെ പരാതി കേൾക്കുന്നതിനും പരിഹാരം കൗൺസിലിങ്, നിയമോപദേശം, പോലീസ് സഹായം എന്നിവ ലഭ്യമാക്കുന്നതിനും സംവിധാനം ഒരുക്കിയിരിക്കുന്നു. സ്ത്രീകൾക്ക് സ്വന്തം വീട്ടിൽ ഇരുന്നു കൊണ്ട് പ്രശ്ന പരിഹാരം തേടാം എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

4. **രക്ഷാദൂത്**

ഗാർഹിക പീഡനത്തിൽ നിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് രക്ഷാദൂത്. അതിക്രമത്തിനിരയായ വനിതകൾക്കോ കുട്ടിക്കോ അവരുടെ പ്രതിനിധിക്കോ പരാതി

Section Officer

സമർപ്പിക്കാൻ ഈ പദ്ധതിയിലൂടെ കഴിയും. അക്രമത്തിനിരയായ വനിതയോ അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ" എന്ന് കോഡ് പറഞ്ഞാൽ പോസ്റ്റ്മാസ്റ്റർ/മിസ്ട്രസ്സിന്റെ സഹായത്തോടുകൂടി ഒരു പേപ്പറിൽ സ്വന്തം മേൽവിലാസം എഴുതി പിൻകോഡ് സഹിതം ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്ത പക്ഷം അതിക്രമത്തിനിരയായ സ്ത്രീക്കോ, കുട്ടിക്കോ അവരുടെ തൊട്ടടുത്തുള്ള തപാൽ വകുപ്പിന്റെ ലെറ്റർ ബോക്സിൽ വെള്ള പേപ്പറിൽ പൂർണ്ണമായ മേൽവിലാസം പിൻകോഡ് സഹിതം എഴുതി സീൽ ചെയ്ത പുറത്ത് തപാൽ എന്നെഴുതി നിക്ഷേപിക്കാവുന്നതാണ്. സ്റ്റാമ്പ് പതിക്കേണ്ടതില്ല.

5. **വാട്ട്സ് സാപ്പ് ഹെൽപ് ലൈൻ 9400080292**

പരാതികൾ മേൽ വാട്ട്സ് സാപ്പ് ഹെൽപ് ലൈൻ നമ്പറിൽ അറിയിക്കാവുന്നതാണ്. വനിതകളുമായി ബന്ധപ്പെട്ട പരാതികൾ ആണെങ്കിൽ വനിതാ സംരക്ഷണ ഓഫീസർ (WPO) ഒരാഴ്ചക്കകം നടപടി സ്വീകരിക്കുകയും കുട്ടികളുമായി ബന്ധപ്പെട്ട പരാതികളാണ് എങ്കിൽ ശിശു സംരക്ഷണ ഓഫീസർ (DCPO) അടിയന്തിരമായോ അല്ലെങ്കിൽ 48 മണിക്കൂറിനുള്ളിലോ നടപടി സ്വീകരിക്കുന്നതുമാണ്.

6. **181 മിത്ര ഹെൽപ് ലൈൻ**

സ്ത്രീകൾക്ക് നേരെ ഉണ്ടാകുന്ന ഗാർഹിക പീഡനം, മറ്റ് അതിക്രമങ്ങൾ എന്നിവ ഉണ്ടായാൽ 181 മിത്ര ഹെൽപ് ലൈനിൽ വിളിച്ച പരാതിപ്പെടാവുന്നതാണ്. അവശ്യമെങ്കിൽ കൗൺസിലിംഗ് സഹായം ലഭ്യമാകുന്നതാണ്.

7. **വൺ സ്റ്റോപ്പ് സെന്റർ**

ഗാർഹിക-ലൈംഗിക അതിക്രമത്തിനിരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ വൺ സ്റ്റോപ്പ് സെൻററുകൾ പ്രവർത്തിച്ച വരുന്നു. വൈദ്യ സഹായം, കൗൺസിലിംഗ്, പോലീസ് സഹായം, നിയമ സഹായം, ഷെൽട്ടർ എന്നി സേവനങ്ങൾ ലഭ്യമാണ് .

ഇതുകൂടാതെ അതിക്രമത്തിനിരയായ സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസത്തിനായി കേന്ദ്ര സർക്കാർ സ്വാധാർ ഗ്രഹ്, ഉജ്ജ്വല പദ്ധതികൾ വഴി നടപ്പിലാക്കുന്ന ഷെൽട്ടർ ഹോമുകളും വകുപ്പ് നടത്തുന്നുണ്ട്.

വനിതാ ശിശു വികസന വകുപ്പിന്റെ പ്രവർത്തനം ലക്ഷ്യ പ്രാപ്തിയിൽ എത്തിയ്ക്കുവാൻ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായി വനിതാ ശിശു വികസന വകുപ്പ് വിവിധ

Section officer

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നതിനൊപ്പം ലിംഗ അസമത്വം, സ്ത്രീധന ഗാർഹിക പീഡനം ഇവയ്ക്കെതിരെ സമൂഹത്തിൽ വ്യാപക ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു. ഒറ്റപ്പെട്ട് കഴിയുന്ന സ്ത്രീകൾ, വിധവകൾ, HIV ബാധിതർ, ലൈംഗിക തൊഴിലാളികൾ എന്നിവരുടെ ക്ഷേമത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു. വനിതാ ശിശു വികസന വകുപ്പ് സ്ത്രീകളുടെ ക്ഷേമത്തിനായി ആവഷികരിച്ച് നടപ്പിലാക്കിയിരിക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**<u>അഭയകിരണം</u>**

സ്വന്തമായി വീടോ സ്ഥിര വരുമാനമോ ഇല്ലാത്ത അഭയ സ്ഥാനം ഇല്ലാതെ കഴിയുന്ന വിധവകളുടെ (ഭർത്താവ് മരിച്ചവർ, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം ആയവർ) ജീവിതം മെച്ചപ്പെടുത്തുന്നതിനും അവരെ സംരക്ഷിക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇങ്ങനെയുള്ള വിധവകളെ സംരക്ഷിക്കുന്ന കുടുംബത്തിലെ ഉത്തരവാദിത്വപ്പെട്ട വ്യക്തിയ്ക്ക് മാസം 1000/- രൂപ ധനസഹായം നൽകുന്നു.

സഹായ ഹസ്തം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് 'സഹായഹസ്തം' ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്വേഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന് 30,000/- രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നു. ഒരു ജില്ലയിൽ നിന്നും ഒരു വർഷം 10 പേർക്ക് ഇപ്രകാരം ധനസഹായം അനുവദിക്കുന്നു.

സ്ത്രീകളുടെ സംരക്ഷണ സുരക്ഷയും സാമ്പത്തിക ഭദ്രതയും വനിത വികസന കോർപ്പറേഷൻ വഴി ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു

1) **സ്വയം തൊഴിൽ നേടുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ (3.5% മുതൽ 6%) വായ്പാ സൗകര്യം**

<u>വായ്പാ പദ്ധതികൾ</u>

1) സ്വയം തൊഴിൽ വായ്പാ പദ്ധതി
2) വിദ്യാഭ്യാസ വായ്പാ പദ്ധതി
3) ലഘു വായ്പാ പദ്ധതി

Section Officer

I. <u>പിന്നോക്ക വിഭാഗം</u>

<u>യോഗ്യതാ മാനദണ്ഡങ്ങൾ</u>

1) സർക്കാർ അംഗീകരിച്ച പിന്നോക്ക സമുദായങ്ങളിലേതിലെങ്കിലും (ഒ.ബി.സി) ഉൾപ്പെട്ട ആളായിരിക്കണം.
2) വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ താഴെയായിരിക്കണം.

1. <u>സ്വയം തൊഴിൽ വായ്പാ പദ്ധതി</u>

- പരമാവധി വായ്പാ തുക - 15 ലക്ഷം രൂപ വരെ
- പലിശ നിരക്ക് - (വാർഷിക പലിശ) 5 ലക്ഷം വരെ -6%, 5 ലക്ഷം മുതൽ 10 ലക്ഷം വരെ - 7%, 10 ലക്ഷം മുതൽ 15 ലക്ഷം വരെ - 8%
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18 നും 55 നും മദ്ധ്യേ

2. <u>വിദ്യാഭ്യാസ വായ്പ പദ്ധതി</u>

- പരമാവധി വായ്പാ തുക - ഇന്ത്യ - 10 ലക്ഷം രൂപ വരെ, വിദേശം - 20 ലക്ഷം രൂപ വരെ
- പലിശ നിരക്ക് - 3.5% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 16 നും 32 നും മദ്ധ്യേ

3. <u>ലഘു വായ്പ പദ്ധതി</u>

- പരമാവധി വായ്പാ തുക-10 ലക്ഷം രൂപ വരെ, ഒരു അംഗത്തിന് പരമാവധി 100000 രൂപ വരെ
- പരമാവധി അംഗ പരിധി - 20 അംഗങ്ങൾ, ഒരു സി.ഡി.എസ്. ന് 50 ലക്ഷം രൂപ വരെ
- പലിശ നിരക്ക് - 5% (വാർഷിക പലിശ), സി.ഡി.എസ്.ന് - 3.5%
- തിരിച്ചടവ് കാലാവധി - 36 മാസം

II. <u>ന്യൂനപക്ഷ വിഭാഗം</u>

<u>യോഗ്യതാ മാനദണ്ഡങ്ങൾ</u>

1) സർക്കാർ അംഗീകരിച്ച ന്യൂനപക്ഷ സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം.

Section officer

2) വരുമാന പരിധി രണ്ടായി തിരിച്ചിരിക്കുന്നു - ക്രെഡിറ്റ് ലൈൻ ഒന്നിൽ ഗ്രാമ പ്രദേശങ്ങളിൽ വാർഷിക വരുമാനം 98,000 രൂപ വരെയും, നഗര പ്രദേശങ്ങളിൽ 1,20,000 രൂപ വരെയുമാണ്.

3) ക്രെഡിറ്റ് ലൈൻ രണ്ടിൽ മൊത്തം വരുമാന പരിധി 6.00 ലക്ഷം രൂപ വരെയാണ്

1. സ്വയം തൊഴിൽ വായ്പാ പദ്ധതി

- പരമാവധി വായ്പാ തുക
  a) ക്രെഡിറ്റ് ലൈൻ I - 20 ലക്ഷം രൂപ
  b) ക്രെഡിറ്റ് ലൈൻ II - 30 ലക്ഷം രൂപ
- പലിശ നിരക്ക് - 6% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18നും 55നും മദ്ധ്യേ

2. വിദ്യാഭ്യാസ വായ്പ പദ്ധതി

- പരമാവധി വായ്പാ തുക
  a) ക്രെഡിറ്റ് ലൈൻ I - 20 ലക്ഷം രൂപ (ഇന്ത്യ)
  b) ക്രെഡിറ്റ് ലൈൻ II - 30 ലക്ഷം രൂപ (വിദേശം)
- പലിശ നിരക്ക്
  a) ക്രെഡിറ്റ് ലൈൻ I - 3%
  b) ക്രെഡിറ്റ് ലൈൻ II - 5%
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 16 നും 32 നും മദ്ധ്യേ

3. ലഘു വായ്പ പദ്ധതി (വനിതാ സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി./എൻ.ജി.ഒ.))

- പരമാവധി വായ്പാ തുക

a) ക്രെഡിറ്റ് ലൈൻ I - 20 ലക്ഷം രൂപ എസ്.എച്ച്.ജി.

Section officer

(30 ലക്ഷം എൻ.ജി.ഒ., സി.ഡി.എസ്. - 50 ലക്ഷം രൂപ)

b) ക്രെഡിറ്റ് ലൈൻ II - 30 ലക്ഷം രൂപ എസ്.എച്ച്.ജി.

(30 ലക്ഷം എൻ.ജി.ഒ., സി.ഡി.എസ്. - 50 ലക്ഷം രൂപ))

- പരമാവധി അംഗ പരിധി - 20 അംഗങ്ങൾ
- പലിശ നിരക്ക്

ക്രെഡിറ്റ് ലൈൻ I&II - എസ്.എച്ച്.ജി.- 5%, എൻ.ജി.ഒ.- 2%, സി.ഡി.എസ്. 3.5%

- തിരിച്ചടവ് കാലാവധി - 36 മാസം

4. <u>വിരാസത്ത് പദ്ധതി (കരകൗശല വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി)</u>

- പരമാവധി വായ്പാ തുക

  ക്രെഡിറ്റ് ലൈൻ I - 10 ലക്ഷം രൂപ
- പലിശ നിരക്ക് - 4 % (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18 നും 55 നും മദ്ധ്യേ
- വരുമാന പരിധി ക്രെഡിറ്റ് ലൈൻ ഒന്നിൽ ഗ്രാമ പ്രദേശങ്ങളിൽ വാർഷിക വരുമാനം 81,000 രൂപ വരെയും, നഗര പ്രദേശങ്ങളിൽ 1,03,000 രൂപ വരെയുമാണ്.

## III. <u>പട്ടിക ജാതി വിഭാഗം</u>

### <u>യോഗ്യതാ മാനദണ്ഡങ്ങൾ</u>

1) സർക്കാർ അംഗീകരിച്ച പട്ടികജാതി സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം.
2) വാർഷിക വരുമാന പരിധി മൂന്ന് ലക്ഷം രൂപയിൽ താഴെയായിരിക്കണം.

1. <u>സ്വയം തൊഴിൽ വായ്പാ പദ്ധതി</u>

- പരമാവധി വായ്പാ തുക - 50 ലക്ഷം രൂപ
- പലിശ നിരക്ക് - 6%-9% (വാർഷിക പലിശ)

Section Officer

- . തിരിച്ചടവ് കാലാവധി - 60 മാസം
- . ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- . പ്രായം 18 നും 55 നും മദ്ധ്യേ

2. <u>വിദ്യാഭ്യാസ വായ്പ പദ്ധതി</u>

- . പരമാവധി വായ്പാ തുക - 10 ലക്ഷം രൂപ, വിദേശം - 20 ലക്ഷം രൂപ
- . പലിശ നിരക്ക് - 3.5% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- . ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- . പ്രായം 16 നും 32 നും മദ്ധ്യേ

## IV. <u>പട്ടികവർഗ്ഗ വിഭാഗം</u>

**<u>യോഗ്യതാ മാനദണ്ഡങ്ങൾ</u>**

1) സർക്കാർ അംഗീകരിച്ച പട്ടികവർഗ്ഗ സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം.
2) വാർഷിക വരുമാന പരിധി മൂന്ന് ലക്ഷം രൂപയിൽ താഴെയായിരിക്കണം.

1. <u>സ്വയം തൊഴിൽ വായ്പാ പദ്ധതി</u>

- . പരമാവധി വായ്പാ തുക - 2.00 ലക്ഷം രൂപ
- . പലിശ നിരക്ക് - 6% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- . പ്രായം 18 നും 55 നും മദ്ധ്യേ

## V. ശുചീകരണ തൊഴിലാളികൾക്കുള്ള വായ്പാ പദ്ധതി

ദേശീയ സഫായ് കരംചാരീസ് ധനകാര്യ വികസന കോർപ്പറേഷന്റെ (NSKFDC) സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായി പ്രവർത്തിക്കുന്നതിനുള്ള അനുമതി സർക്കാർ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകി. ശുചീകരണ തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും സാമൂഹിക, സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ കുടുംബശ്രീ, ശുചിത്വമിഷൻ എന്നീ സ്ഥാപനങ്ങളു മായി സഹകരിച്ച് ആദ്യഘട്ടത്തിൽ നടപ്പാക്കും. തുടർന്ന് നഗരസഭകളിലെ മാലിന്യ

Seema
Section Officer

നിർമ്മാർജ്ജനം യന്ത്രവത്കരിക്കുന്നതിനുള്ള ധനസഹായ പദ്ധതി രണ്ടാംഘട്ടത്തിലും നടത്തും.

യോഗ്യതാ മാനദണ്ഡങ്ങൾ

1) ശുചീകരണ തൊഴിലാളികളും അവരുടെ ആശ്രിതർക്കും
2) കുടുംബശ്രീ മിഷന്റെ ഹരിത കർമ്മ സേനയിൽ ഉൾപ്പെട്ടവർ
3) മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട കോഓപ്പറേറ്റീവ് സൊസൈറ്റികൾ

1. സ്വയം തൊഴിൽ വായ്പാ പദ്ധതി

- പരമാവധി വായ്പാ തുക - 15 ലക്ഷം രൂപ
- പലിശ നിരക്ക് - 6% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 84 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

2. *വിദ്യാഭ്യാസ വായ്പ പദ്ധതി

- പരമാവധി വായ്പാ തുക - 10 ലക്ഷം രൂപ, വിദേശം - 20 ലക്ഷം രൂപ
- പലിശ നിരക്ക് - 3.5% (വാർഷിക പലിശ) വിദേശം - 4%
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

*ശുചീകരണ തൊഴിലാളികളുടെ ആശ്രിത വിദ്യാർത്ഥിനികൾ

3. ലഘു വായ്പ പദ്ധതി

- ഒരു അംഗത്തിന് പരമാവധി വായ്പാ തുക - 60,000/-രൂപ
- പരമാവധി അംഗ പരിധി - 20 അംഗങ്ങൾ
- പലിശ നിരക്ക് സി.ഡി.എസ്. ന് - 3% (വാർഷിക പലിശ),
- തിരിച്ചടവ് കാലാവധി - 36 മാസം

കുടുംബശ്രീയുടെ സി.ഡി.എസ്. ന് കീഴിൽ രജിസ്ട്രർ ചെയ്ത വനിതാ ശുചീകരണ അംഗങ്ങളുടെ ഗ്രൂപ്പുകൾ

Section Officer

3. **സ്വച്ഛതാ ഉദ്യമി യോജന വായ്പ പദ്ധതി**

- പരമാവധി വായ്പാ തുക - 50 ലക്ഷം രൂപ
- പലിശ നിരക്ക് - 4% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 84 മാസം

ശുചീകരണവുമായി ബന്ധപ്പെട്ട് വാഹനങ്ങൾ/ശുചീകരണ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനായി. ശുചീകരണവുമായി ബന്ധപ്പെട്ട തൊഴിലാളികൾ, ഗ്രൂപ്പുകൾ

**സ്ത്രീ സുരക്ഷാ പദ്ധതികൾ**

**മിത്ര 181**

സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ 181 വനിതാ ഹെൽപ്പ് ലൈൻ നടപ്പാക്കി. ഇത് നടപ്പാക്കിയ രാജ്യത്തെ അഞ്ചാമത്തെ സംസ്ഥാനമാണ് കേരളം. 2017 മാർച്ച് മുതൽ ഹെൽപ്പ് ലൈൻ നടപ്പിൽ വന്നു. ഇതുവരെ മൂന്ന് ലക്ഷത്തിലധികം കോളുകൾ ഹെൽപ്പ് ലൈനിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. അവയിൽ 80000 കോളുകൾക്ക് സർവ്വീസ് നൽകി. 45665 കേസുകൾ പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിച്ചു.

**വനിതാ മിത്ര കേന്ദ്രം- വിമൻസ് ഹോസ്റ്റൽ**

മലപ്പുറത്ത് പെരിന്തൽമണ്ണയിലും എറണാകുളത്ത് കാക്കനാടും വനിതാ മിത്ര കേന്ദ്ര നിർമ്മാണം പൂർത്തിയായിട്ടുണ്ട് കൂടാതെ സംസ്ഥാനത്ത് ഏഴ് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നടത്തി വരുന്നു.

**ബോധ്യം -പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി**

ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരെയുള്ള ഫലപ്രദമായ പോലീസ് ഇടപെടലിന് വേണ്ടി സംസ്ഥാനത്തെ 523 പോലീസ് സ്റ്റേഷനുകളിലെ എല്ലാ ഉദ്യോഗസ്ഥർക്കുമായി നടപ്പിലാക്കി വരുന്ന പരിശീലന പരിപാടി നാളിതുവരെ 6000 പോലീസ് ഉദ്യോഗസ്ഥർക്ക് നൽകി. കോവിഡിന്റെ സാഹചര്യത്തിൽ ഓൺലൈനായി പരിശീലനം പുരോഗമിക്കുന്നു.

Seema
Section Officer

<u>സേഫ് സ്റ്റേ</u>

ഒറ്റയ്ക്ക് സഞ്ചരിക്കുന്ന സ്ത്രീകൾക്ക് കേരളത്തിലെ ടൗണുകളിൽ സുരക്ഷിതമായ താമസ സ്ഥലം ഉറപ്പുവരുത്തുന്നതിനായി ആദ്യഘട്ടത്തിൽ 30 ഹോസ്റ്റലുകൾ തെരഞ്ഞെടുത്ത് പദ്ധതിയിൽ ചേർത്ത് അതോടൊപ്പം ലഭ്യമാകുന്ന സേവനങ്ങൾ ഉൾപ്പെടുത്തി മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

Susan
Section Officer

അനുബന്ധം -1

സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ ലിംഗ അസമത്വം, സ്ത്രീധന ഗാർഹിക പീഡനം ഇവക്കെതിരെ വിവിധ ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും വ്യാപക പ്രചരണം നടത്തി വരുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ സ്ത്രീസുരക്ഷാ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും, ചെറു വീഡിയോകളും, സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചു വരുന്നു.

ലിംഗസമത്വം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പെഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പൊതു സ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കുന്നതിനും, സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുവാൻ വിവാഹ മണ്ഡപങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വനിതാ ശിശു വികസന വകുപ്പ് മുഖേന ലഭ്യമാക്കി, ആയത് ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക്, ലിംഗ അസമത്വം, ഗാർഹിക പീഢനങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി, സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജന്റർ റിസോഴ്സ് പെഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗ്, പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഢനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സും ലഭ്യമാക്കിയിട്ടുണ്ട്. ടി വിഷയങ്ങളെക്കുറിച്ചുള്ള അവബോധം പൊതു ജനങ്ങളിൽ വ്യാപകമായി സൃഷ്ടിക്കുവാനായി പീഢനങ്ങൾ, ഗാർഹികാതിക്രമങ്ങൾ, സ്ത്രീധനപീഢനങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

Seena
Section Officer

എന്നിവ നേരിടുന്ന സ്ത്രീകളോ/കുട്ടികളോ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അതിക്രമങ്ങൾക്കെതിരെയുള്ള നിയമ പരിരക്ഷ, സേവനങ്ങൾ ആയത് നേടിയെടുക്കേണ്ട വിധം എന്നിവയെപ്പറ്റി അവരെ ബോധവൽക്കരിക്കുവാനും, വേണ്ട സഹായം ലഭ്യമാക്കുവാനും നിർദ്ദേശം നൽകി. ആയതിനായി സൂപ്പർവൈസർമാർ അതത് പഞ്ചായത്ത് /സെക്ടർ തലത്തിൽ എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ, അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് ആവശ്യമുള്ള നിയമ സഹായവും, പരിരക്ഷയും ലഭ്യമാക്കേണ്ടതാണെന്നും, അവർക്ക് സൗജന്യ നിയമസഹായം, കൗൺസിലിംഗ്, വൈദ്യ സഹായം, പോലീസ് സഹായം എന്നിവ വേണ്ടതുണ്ടെങ്കിൽ, ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ അങ്കണവാടി വർക്കർമാർക്കും പരിശീലനം നൽകിയിരിക്കുന്നതിനാൽ ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകളുള്ള സ്ത്രീകളുടെ വിവരങ്ങൾ അറിയുന്ന പക്ഷം പ്രാഥമിക സേവനം അങ്കണവാടി വർക്കർ വഴിയും ആവശ്യമെങ്കിൽ സൂപ്പർവൈസർക്ക് റിപ്പോർട്ട് ചെയ്യുന്ന രീതിയിലും സംവിധാനം ഒരുക്കിയിട്ടുണ്ട്. "പറയാം, പരിഹരിയ്ക്കാം' എന്ന കൈപ്പുസ്തകം ഇതിലേയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്.

Section Officer